(ബി) എങ്കിൽ ഇവർക്ക് മെഡിക്കൽ റീ ഇംപേഴ്സ്മെന്റ് അനുവദിക്കുന്നതിനാവശ്യമായ നടപടികൾ ഏതുവരെയായിട്ടുണ്ടെന്ന് വിശദമാക്കാമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) മുൻകൂർ അനുവാദം വാങ്ങാതെ സ്വകാര്യ ആശുപത്രിയിൽ ചികിത്സ നടത്തിയ വകയിൽ ചെലവായ തുക മെഡിക്കൽ റീ ഇംപേഴ്സ്മെന്റായി നൽകണമെന്നതാണ് അപേക്ഷയിലെ ആവശ്യം. നിലവിലുള്ള നിയമ പ്രകാരം പ്രസ്തുത മെഡിക്കൽ റീ ഇംപേഴ്സ്മെന്റായി നൽകണമെന്നതാണ് അപേക്ഷയിലെ ആവശ്യം. നിലവിലുള്ള നിയമ പ്രകാരം പ്രസ്തുത മെഡിക്കൽ റീ ഇംപേഴ്സ്മെന്റ് അനുവദിക്കാൻ നിർവാഹമില്ല. എങ്കിലും മാനുഷിക പരിഗണനവെച്ച് അനുവദിക്കാമോ എന്ന കാര്യം പരിശോധിച്ചുവരുന്നു.

ബോണക്കാട് മഹാവീർ എസ്റ്റേറ്റിന്റെ നടത്തിപ്പ്

69 (4229) ശ്രീ. പി. ടി. തോമസ് :
ശ്രീമതി രാധാരാഘവൻ :
ശ്രീ. എൻ. ഡി. അപ്പച്ചൻ :
ശ്രീ. എ. പി. അനിൽകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ബോണക്കാട് മഹാവീർ എസ്റ്റേറ്റിനെതിരെ തൊഴിലാളികളും തൊഴിൽ വകുപ്പും നൽകിയ കേസുകളിലെ കോടതി ഉത്തരവനുസരിച്ച് പ്രസ്തുത എസ്റ്റേറ്റിലെ എന്തെല്ലാം വസ്തുവകകൾ ജപ്തി ചെയ്തിരുന്നുവെന്നു വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത തോട്ടത്തിന്റെ നടത്തിപ്പ് തൊഴിലാളികളെ ഏല്പിക്കാൻ ഉദ്ദേശമുണ്ടോ ;

(സി) ഇവിടത്തെ തൊഴിലാളികൾക്ക് ഇപ്പോൾ എന്തെങ്കിലും ആനുകൂല്യങ്ങൾ നൽകുന്നുണ്ടോ ?

ഉത്തരം

(എ) കോടതി നിർദ്ദേശപ്രകാരം റവന്യൂ അധികൃതർ ഫാക്ടറി പൂട്ടി സീൽ വച്ചിട്ടുള്ളതായല്ലാതെ വസ്തു വകകൾ ജപ്തി ചെയ്തിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) തൊഴിൽ വകുപ്പു മന്ത്രിയുടെ സാന്നിദ്ധ്യത്തിൽ നടന്ന ചർച്ചകളുടെ ഫലമായി ഉടമയുടെയും തൊഴിലാളി യൂണിയനുകളുടെയും പ്രതിനിധികളെ ഉൾപ്പെടുത്തിക്കൊണ്ടുള്ള ഒരു കമ്മിറ്റിയെ എസ്റ്റേറ്റ് നടത്തുന്നതിനുള്ള ചുമതല ഏല്പിക്കുവാൻ ധാരണ ആയെങ്കിലും റവന്യൂ അധികൃതർ കോടതി ഉത്തരവു പ്രകാരം തോട്ടത്തിലെ ഫാക്ടറികളും കെട്ടിടങ്ങളും സീൽ വച്ചതിനാൽ നടപടികൾ തുടരാൻ കഴിഞ്ഞില്ല.

LIBRARY ARCHIVES Kerala Legislative Assembly

(സി) തോട്ടം മേഖലയിലെ പ്രതിസന്ധി തരണം ചെയ്യുന്നതിനായി സർക്കാർ 2002 ആഗസ്റ്റ് മുതൽ ബോണക്കാട് എസ്റ്റേറ്റിലെ തൊഴിലാളികളുടെ ഓരോ കുടുംബത്തിനും ആഴ്ചയിൽ 10 കിലോ അരി വീതം സൗജന്യമായി നൽകി വരുന്നു. കൂടാതെ കേന്ദ്ര സർക്കാരിന്റെ എസ്.ജി.ആർ.വൈ പദ്ധതി പ്രകാരം തൊഴിലാളികളെ മറ്റ് പണികളിൽ ഏർപ്പെടുത്തി 'ജോലിക്ക് ഭക്ഷണം' എന്ന പരിപാടിയും നടപ്പാക്കിവരുന്നു. കൂടാതെ ലേബർ വെൽഫയർ ഫണ്ട് മുഖേന, അംഗങ്ങളായി ചേർത്തിട്ടുള്ള തൊഴിലാളികളുടെ മക്കൾക്ക് വിദ്യാഭ്യാസാനുകൂല്യവും മെഡിക്കൽ ആനുകൂല്യവും, അപേക്ഷ ലഭിക്കുന്നതനുസരിച്ച് നൽകി വരുന്നു.

റോഡ് സേഫ്റ്റി അതോറിറ്റി രൂപീകരണം

70 (4230) ശ്രീ. കെ. രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് റോഡ് സേഫ്ടി അതോറിറ്റി രൂപവൽക്കരിക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) എങ്കിൽ ആയതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്താമോ ;

(സി) ഇതു സംബന്ധിച്ച് എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ ;

(ഡി) റോഡ് സേഫ്ടി അതോറിറ്റിയുടെ പ്രവർത്തനങ്ങൾക്ക് ഏതെങ്കിലും ഏജൻസിയുടെ ധനസഹായം ലഭ്യമാക്കുന്നുണ്ടോ ;

(ഇ) എങ്കിൽ ഇതു സംബന്ധിച്ച വിശദാംശങ്ങൾ വെളിപ്പെടുത്താമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) സംസ്ഥാനത്ത് വർദ്ധിച്ചുവരുന്ന റോഡപകടങ്ങൾ തടയുകയും റോഡപകടങ്ങൾക്കിരയാവുന്നവർക്ക് ട്രോമാകെയർ ഉൾപ്പെടെയുള്ള അടിയന്തിര സഹായം എത്തിക്കുകയുമാണ് റോഡ് സേഫ്ടി അതോറിറ്റി രൂപീകരിക്കുന്നതിന്റെ പ്രധാന ലക്ഷ്യങ്ങൾ. ഇതിന്റെ നടപടിക്രമങ്ങൾ അവസാന ഘട്ടത്തിലാണ്. റോഡ് സേഫ്ടി അതോറിറ്റിയോടൊപ്പം ഒരു റോഡു സുരക്ഷാ ഫണ്ടും രൂപീകരിക്കുന്നുണ്ട്.

(സി) വകുപ്പുതല പരിശോധനകൾ നടത്തിയിട്ടുണ്ട്.

(ഡി) ഇല്ല.

(ഇ) ചോദ്യം ഉദിക്കുന്നില്ല.

LIBRARY. ARCHIVES Kerala Legislative Assembly